2 (*309) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന് നടപടി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. എ. കണാരൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതുമൂലം ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) വ്യാപാര സ്ഥാപനങ്ങളിൽ മിന്നൽപരിശോധനകൾ നടത്തുന്നതിന് ഓരോ ജില്ലയും കേന്ദ്രീകരിച്ച് ഫ്ളൈയിംഗ് സ്ക്വാഡുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) വഴിയോര കച്ചവടക്കാരുടെ അളവ് തൂക്ക പരിശോധനകൾ കർശനമാക്കുന്നതിന് എന്ത് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ,

(എ) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനുവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 57 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും വകുപ്പിന്റെ പ്രവർത്തനം മൂന്ന് മേഖലകളിലായി തിരിയ്ക്കുകയും ആറ് പുതിയ ജീപ്പുകൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. ഓരോ മേഖല കേന്ദ്രീകരിച്ചും ഓരോ ഫ്ളൈയിംഗ് സ്ക്വാഡും പ്രവർത്തിച്ചുവരുന്നു. പരിശോധനയിലെ കൃത്യത ഉറപ്പുവരുത്തുന്നതിന് ഇലക്ട്രോണിക് ത്രാസുകൾ ഉപയോഗിച്ചുള്ള വെരിഫിക്കേഷൻ ആരംഭിച്ചു കഴിഞ്ഞു. ഇൻസ്പെക്ടർ ആഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടുതൽ ഫ്ളയിംഗ് സ്ക്വാഡുകൾ ആരംഭിക്കുന്ന കാര്യവും പരിഗണനയിലുണ്ട്.

(ബി) ഈ വകുപ്പിന്റെ പ്രവർത്തനം പ്രധാനമായും ഉപഭോക്തൃ സംരക്ഷണമാണ്. അളവ്-തൂക്ക ഉപകരണങ്ങളുടെ പരിശോധന കൃത്യമായി നടത്തുന്നതുമൂലം അളവിലും തൂക്കത്തിലും ഉണ്ടാകാവുന്ന വെട്ടിപ്പ് തടയാൻ കഴിയുന്നു. ഫ്ളൈയിംഗ് സ്ക്വാഡിന്റെ പ്രവർത്തനംമൂലം പായ്ക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ കൂടുതൽ വില വാങ്ങുന്ന കച്ചവടക്കാരെയും പരിശോധന നടത്തി മുദ്രവയ്ക്കാത്ത അളവുതൂക്ക ഉപകരണങ്ങൾ ഉപയോഗിക്കുന്നവരേയും കണ്ടെത്തി കേസ്സെടുക്കാൻ കഴിയുന്നു.

(സി) ഇപ്പോൾ മൂന്ന് ഫ്ളൈയിംഗ് സ്ക്വാഡുകളാണുള്ളത്. കൂടുതൽ ഫ്ളൈയിംഗ് സ്ക്വാഡുകൾ ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(ഡി) വഴിയോര കച്ചവടക്കാരുടെ അളവു-തൂക്ക ഉപകരണങ്ങളുടെ പരിശോധന കർശനമാക്കുന്നതിന് ഡെപ്യൂട്ടി കൺട്രോളർമാർക്കും ഫ്ളൈയിംഗ് സ്ക്വാഡുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : സർ, ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ പുതിയ തസ്തികകൾ, പുതിയ ജീപ്പുകൾ, ഇലക്ട്രോണിക് ത്രാസുകൾ, കമ്പ്യൂട്ടർവൽക്കരണം എന്നിവ നല്ലതുതന്നെ. എന്നാൽ ഈ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിച്ച് അളവു-തൂക്ക ഉപകരണങ്ങളിൽ സാർവത്രികമായി നടത്തുന്ന കൃത്രിമം കണ്ടുപിടിക്കുന്നതിനും അത് ഒഴിവാക്കുന്നിനും നമ്മുടെ സംസ്ഥാനത്തെ എല്ലാ കടകളിലും മൂന്ന് മാസത്തിൽ ഒരിക്കൽ മിന്നൽപരിശോധന നടത്തി കൃത്രിമം തടയുന്നതിനും ആവശ്യമായ നടപടി എടുക്കുമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : സർ, കേരളത്തിൽ കച്ചവടക്കാരുടെ എണ്ണവും ജോലി നിർവ്വഹിക്കാനുള്ള ജീവനക്കാരുടെ എണ്ണവും തമ്മിൽ ഒരിക്കലും പൊരുത്തപ്പെടുന്നില്ല. പ്രവർത്തനം പരമാവധി കാര്യക്ഷമമാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. ആക്ഷേപങ്ങൾ കിട്ടുന്ന പ്രദേശങ്ങളിൽ അടിയന്തിരമായി ഇടപെടുന്നുണ്ട്. ഇത്തരം കൃത്രിമങ്ങൾ പരമാവധി അവസാനിപ്പിക്കാനുള്ള നടപടികൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അത് തുടരുന്നതാണ്.

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : സർ, വഴിയോര കച്ചവടക്കാരുടെ അളവു-തൂക്ക ഉപകരണങ്ങളുടെ പരിശോധന കർശനമാക്കുന്നതിന് ഡെപ്യൂട്ടി കൺട്രോളർമാർക്കും ഫ്ളൈയിംഗ് സ്ക്വാഡുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അങ്ങ് പറയുകയുണ്ടായി. ഈ നിർദ്ദേശം കൃത്യമായി നടപ്പിലാക്കുന്നുണ്ടോ; കൃത്രിമം കാണിച്ച എത്ര കേസ്സുകൾ കണ്ടുപിടിക്കാൻ കഴിഞ്ഞു?

ശ്രീ. കെ.ഇ. ഇസ്മയിൽ : സർ, വഴിയോര കച്ചവടക്കാരുടെ മാത്രം കേസ്സുകളുടെ എണ്ണം എന്റെ കയ്യിൽ ഇല്ല. 1996-97-ൽ 17847 കേസ്സുകൾ പിടിച്ചിട്ടുണ്ട്. 1997-98-ൽ 12813 കേസുകൾ പിടിച്ചിട്ടുണ്ട്. 1998-99-ൽ 14352 കേസ്സുകൾ പിടിച്ചിട്ടുണ്ട്. അതാത് ദിവസങ്ങളിൽതന്നെ അതിനെല്ലാം പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഒരുകോടി അഞ്ചുലക്ഷത്തി നാൽപതിനായിരത്തി തൊള്ളായിരത്തി എഴുപത്തെട്ടു രൂപ പിഴയായി ഈടാക്കി.

ശ്രീ. എ. കണാരൻ : സാധാരണ ജനങ്ങളെ നേരിട്ട് ബാധിക്കുന്നതും ഉപഭോക്താക്കളുടെ പരാതിയുള്ളതുമായ വാട്ടർ മീറ്ററുകളുടെ പ്രവർത്തനത്തിൽ സാർവ്വത്രികമായ പരാതിവന്നുകൊണ്ടിരിക്കുകയാണ്. ആ വാട്ടർ മീറ്ററുകളുടെ പ്രവർത്തനത്തിന്റെ വൈകല്യം കാരണമാണ് അത് വന്നു ചേർന്നത്. അപ്പോൾ ഇതിന് പരിഹാരം കാണാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; ഈ മെഷീനൊക്കെ നന്നാക്കുന്നതുവരെ മുൻകാലത്തെപ്പോലെ അവർക്ക് തുക വസൂലാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : വാട്ടർ മീറ്ററുകളുടെ പരിശോധനയും ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. അത് അഖിലേന്ത്യാടിസ്ഥാനത്തിൽ ഒരു ഏകീകരിച്ച നിരക്കാകണമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ അത്തരമൊരു നിരക്കാണ് ഇപ്പോൾ ഗവണ്മെന്റ് വസൂലാക്കിക്കൊണ്ടിരിക്കുന്നത്. കേരളത്തിൽ പ്രധാനമായി അതിന്റെ ഒരു കേന്ദ്രമാണുള്ളത്. തൊഴിലാളി സംഘടനകൾ ശക്തിയായി ആവശ്യപ്പെട്ടതിനെത്തുടർന്ന് അത് കുറച്ചുകൊടുക്കാൻ കഴിയുമോയെന്നുള്ള ഒരു പരിശോധന നടത്തി. പക്ഷേ ദേശീയ നിരക്കിൽ വേണം ഇത് വസൂലാക്കേണ്ടതെന്നുള്ള നിർദ്ദേശപ്രകാരം ദേശീയ നിരക്ക് തന്നെയാണ് ഗവണ്മെന്റ് ഇപ്പോൾ വസൂലാക്കിക്കൊണ്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കണാരൻ : നമ്മുടെ സംസ്ഥാനത്ത് ആറു മാസം ഉൽസവ കാലമാണ്. ഉൽസവകാലങ്ങളിൽ ഉപഭോക്താക്കളെ വഞ്ചിക്കാനുള്ള പല നടപടികളുമുണ്ട്. അങ്ങനെ വരുമ്പോൾ ഇവിടെയെല്ലാം അളവു-തൂക്ക ഉദ്യോഗസ്ഥരെ നിശ്ചയിച്ച് ഉപഭോക്താക്കളെ വഞ്ചിക്കാതിരിക്കാനാവശ്യ മായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : അത് നല്ല നിർദ്ദേശമാണ്. ഉത്സവകാലങ്ങ ളിൽ സ്പെഷ്യൽ ആയി കച്ചവട സ്ഥാപനങ്ങൾ പരിശോധിക്കാനാവശ്യ മായ നടപടികൂടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ.എ. ചന്ദ്രൻ : പായ്ക്കറ്റിൽ സാധനങ്ങൾ വിൽക്കുന്ന ചെറു കിട കച്ചവടക്കാരുടെ വ്യാപാരസ്ഥാപനങ്ങൾ പരിശോധന നടത്തുമ്പോൾ പായ്ക്കറ്റിനകത്തുള്ള തൂക്കത്തിന്റെ കുറവിനും ഗുണനിലവാരത്തിന്റെ കുറ വിനും ഈ കടക്കാരുടെ പേരിലാണ് കേസ്സ് ചാർജ് ചെയ്യുന്നത്. ഇത് ഉൽപ്പാദിപ്പിച്ച് വിപണനത്തിന് എത്തിക്കുന്ന ഫാക്ടറികളുടെ പേരിലല്ല കേസ്സെടുക്കുന്നത്. ഇത് ഒരു അന്യായമാണ്. ഇത് നിറുത്തലാക്കി, പാക്കറ്റി ലുള്ള ഈ സാധനങ്ങൾ വിതരണം ചെയ്യുന്നവരുടെ പേരിൽ കേസ്സ് ചാർജ് ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : ഇത് വ്യാപാരി-വ്യവസായികളുടെ ഒരു സ്ഥിരമായ ആവശ്യമാണ്. ഉൽപ്പാദനം ഏതെങ്കിലും സംസ്ഥാനങ്ങളിൽ നട ക്കുന്ന പ്രക്രിയയാണ്. കവറിലൊക്കെ പലപ്പോഴും കൃത്രിമങ്ങൾ ഉണ്ടാകാറു ണ്ട്. അതുകൊണ്ട് ഇത് എവിടെയാണ് വിൽപ്പന നടത്തുന്നത് അവിടെ, അവരുടെ പേരിൽ കേസ്സെടുക്കാനേ ഇപ്പോൾ നമുക്ക് കഴിയൂ. മറ്റ് എന്തെ ങ്കിലും ചെയ്യാൻ കഴിയുമോയെന്നുള്ളത് ഞങ്ങൾ ഗൗരവമായി ആലോചി ക്കുന്നുണ്ട്. ഇത് ന്യായമായ ആവശ്യമാണെന്ന് ഗവണ്മെന്റിന് ബോധ്യമാണ്.

ശ്രീ. എളമരം കരീം : പല ഓഫീസുകളിലും സംസ്ഥാനത്തെ ഓട്ടോറിക്ഷകളുടെ മീറ്ററുകൾ യഥാസമയം സീൽ ചെയ്തുകൊടുക്കാൻ കഴിയുന്നില്ല. ഉദാഹരണത്തിന് കോഴിക്കോട് റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ ഓഫീസിൽ ഒരു ചാർട്ട് അച്ചടിച്ചു കൊടുത്തിരിക്കുക യാണ്; ആവശ്യത്തിന് സ്റ്റാഫില്ലാത്തതുകൊണ്ടാണ് ചെയ്യാൻ കഴിയാ ത്തതെന്നാണ് ഡയറക്ടർ പറയുന്നത്. അതുമൂലം തൊഴിലാളികളും യാത്ര ക്കാരും തമ്മിൽ നിരന്തരമായി ബഹളമുണ്ടാക്കുകയാണ്. ഈ പ്രശ്നം സമയബന്ധിതമായി പരിഹരിക്കാനാവശ്യമായ നടപടി ഗവണ്മെന്റ് കൈക്കൊള്ളുമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : ഇത് കഴിയുന്നതും കുറ്റമറ്റതാ ക്കാൻവേണ്ടി ഞങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഒരു നിശ്ചിത സമയ ത്തിനുള്ളിൽ തീർക്കണമെന്ന് തീരുമാനിച്ചാൽ സംഘടിതമായി അതിനുള്ള എതിർപ്പുകളുണ്ടാകാറുണ്ട്. എന്നാൽ പ്രായോഗികമായി ഓട്ടോറിക്ഷക്കാ രുടെ സൗകര്യങ്ങൾകൂടി പരിഗണിച്ചുകൊണ്ട് ആ പ്രശ്നത്തിന് പരിഹാരമു ണ്ടാക്കാൻ ഇപ്പോൾ ഗവണ്മെന്റ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി.പി. തങ്കച്ചൻ : റേഷൻകടകൾ, നീതിസ്റ്റോറുകൾ, മാവേലി സ്റ്റോറുകൾ തുടങ്ങിയവയിലൂടെ കൊടുക്കുന്ന സാധനങ്ങളെ സംബന്ധിച്ച് ലീഗൽ മെട്രോളജി വകുപ്പിന്റെ നടപടികളെങ്ങനെയാണ്; അത് പരിശോധ നയ്ക്ക് വിധേയമാക്കാറുണ്ടോ; നടപടികളെടുക്കാറുണ്ടോ; അതോ അതൊക്കെ ഒഴിവാക്കിയിരിക്കുകയാണോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : ഒഴിവാക്കിയിട്ടില്ല. ഈ സ്ഥാപനങ്ങളും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഗോഡൗണുകളുമെല്ലാം പരിശോധിക്കാറുണ്ട്. പക്ഷേ മുഖ്യമായി ഇതിലേറെ വ്യാപകമായ കൊള്ള നടക്കുന്ന മേഖലകൾ മറ്റുള്ളവയാണ്. ജനങ്ങളുടെ ധാരാളം പരാതികൾകൂടി കിട്ടുന്നതുകൊണ്ട് കൂടുതൽ കേന്ദ്രീകരണം ആ മേഖലയിലാകണം. താരതമ്യേന സംസ്ഥാനത്ത് വളരെക്കുറച്ച് കേന്ദ്രങ്ങളേയുള്ളൂ എന്നതുകൊണ്ട് രണ്ടും ഒരുപോലെ പരിഗണിക്കുന്നുണ്ട്.

ശ്രീ. ജോസ് ബേബി : സംസ്ഥാനത്ത് ഏറ്റവും വലിയ കൊള്ള നടത്തുന്ന ഒരു വിഭാഗമാണ് ഇതിലെ ഉദ്യോഗസ്ഥർ. ഇതിലെ ഉദ്യോഗസ്ഥരെന്ന് പറയുമ്പോൾ ആരും അതിൽ തമ്മിൽ ഭേദമെന്ന് പറയാനില്ല. ഇതിനു മുമ്പ് നിയമസഭയിൽ വന്ന ഒരു വിഷയമാണ് ഇത്. പെട്രോൾ ബങ്കുകളിൽ ആന്ധ്രാ മോഡൽ പരിഷ്കാരം നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ ഉറപ്പ് നൽകിയിട്ടുണ്ട്. ആ പരിഷ്കാരം നടപ്പിലാക്കാൻ എന്തൊക്കെയാണ് അതിനുവേണ്ടി ചെയ്തിട്ടുള്ളത്; ആ ആന്ധ്രാ മോഡൽ പരിഷ്കാരം നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടക്കുന്നുണ്ടോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : പെട്രോൾ ബങ്കും നമ്മൾ പരിശോധിക്കുന്നു. അവിടെ വ്യാപകമായി ചില കൃത്രിമങ്ങൾ നടത്താൻ ശ്രമിക്കുന്നുവെന്നുള്ള ആക്ഷേപങ്ങൾ കിട്ടിയതിനെത്തുടർന്ന് സ്പെഷ്യൽ സ്ക്വാഡുകളെ വിട്ടും അന്വേഷണം നടത്താറുണ്ട്. തിരുവനന്തപുരത്ത് അത്തരം കേസ്സുകൾ ധാരാളം പിടിച്ചു. പരസ്പരധാരണയോടുകൂടി ജനങ്ങളെ ഒട്ടാകെ കൊള്ളയടിക്കുന്നുവെന്ന വിമർശനം പത്രങ്ങളിൽ വന്നതിനെത്തുടർന്നാണ് അത്തരമൊരു പരിശോധന നടന്നത്. കുറച്ചുകൂടി ആ രംഗം കാര്യക്ഷമമാക്കാൻ ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഇന്ന് വ്യാപകമായ കൊള്ള നടത്തുന്നുവെന്ന പുകമറ സൃഷ്ടിക്കാൻ ശ്രമിക്കുന്നുണ്ട്. അതുകൊണ്ട് ജാഗ്രതയോടുകൂടിയാണ് ആ രംഗം ശ്രദ്ധിക്കുന്നത്. ജീവനക്കാർ വളരെ കുറവായ ഒരു സംഘടനയായതുകൊണ്ട് അതിന്റെ ഗൗരവത്തിനും ആ കുറവുണ്ട്. ഇപ്പോൾ അത്തരം കൊള്ളകൾ തുടരാൻ പാടില്ലെന്ന കർക്കശമായ നിലപാട് സ്വീകരിച്ചുകൊണ്ട് ആവശ്യമായ നടപടിയും സ്വീകരിക്കുന്നുണ്ട്. പെട്രോൾ ബങ്കുകളിലും കൃത്രിമം ചെയ്യാൻ കഴിയാത്തരീതിയിൽ സീൽ ചെയ്യുന്ന നടപടികളൊക്കെ കുറച്ചുകൂടി മെച്ചപ്പെട്ടതാക്കണമെന്ന് തീരുമാനിച്ചു. അതിനുള്ള നടപടികളും ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. പി. രാഘവൻ : ബഹുമാനപ്പെട്ട ജോസ് ബേബി ചോദിച്ച അതേ ചോദ്യംതന്നെയാണ് എനിക്കും ചോദിക്കാനുള്ളത്. പെട്രോൾ ബങ്കുകളിൽ അളവിന്റെ കാര്യത്തിലും ക്വാളിറ്റിയുടെ കാര്യത്തിലും കൃത്രിമം നടത്തുന്നുണ്ട്. പെട്രോളിൽ മണ്ണെണ്ണ ചേർക്കുകയാണ്. പ്രത്യേകിച്ചും ഗവണ്മെന്റ് വാഹനങ്ങളിലാണ് അളവ് ചുരുക്കി രണ്ട് കൂട്ടരുമൊന്നിച്ച്ചേർന്ന് വലിയ തട്ടിപ്പ് നടത്തുന്നത്. അവിടെ ഉദ്യോഗസ്ഥൻമാർ മാത്രമല്ല, പെട്രോൾ ബങ്കിന്റെ ഉടമസ്ഥരാണ് ഇതിൽ പ്രധാനമായ പങ്കുവഹിക്കുന്നത്. അതുകൊണ്ട് അതിനുവേണ്ടി ഒരു സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് സംസ്ഥാനത്തെ ഇത്തരം കൃത്രിമം തടയാനാവശ്യമായ നടപടിയെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.ഇ. ഇസ്മയിൽ : നമ്മൾ ആഗ്രഹിക്കുന്ന രീതിയിൽ ഈ കാര്യങ്ങളൊക്കെ നിർവ്വഹിക്കാനാവശ്യമായ ജീവനക്കാരില്ല. കാരണം, കേരളം ഒരു ഉപഭോക്ത്യ സംസ്ഥാനമാണ്. അതുകൊണ്ട് സാർവത്രികമായി ഇതിന്റെ പരിശോധന വിപുലപ്പെടുത്തേണ്ടതുണ്ട്. കച്ചവടസ്ഥാപനങ്ങളും കടകമ്പോളങ്ങളും ടാക്സികളും ഓട്ടോറിക്ഷകളും സീൽ ചെയ്യൽ, പെട്രോൾ ബങ്കുകളുടെ പരിശോധന തുടങ്ങിയ കാര്യങ്ങൾ വ്യാപകമായി ചെയ്യാൻ കഴിയുന്നതാണ്. പക്ഷേ 400-450 ജീവനക്കാരാണ് ഈ ജോലികൾ നിർവ്വഹിക്കാൻ ആകെയുള്ളത്. അതുവെച്ച് ഫലപ്രദമായി പരിശോധനാസമ്പ്രദായം മെച്ചപ്പെടുത്താൻ ശ്രമിക്കുകയാണ്. അത് കുറച്ചുകൂടി സ്ട്രെങ്തെൻ ചെയ്യുന്നതിനുവേണ്ടിയുള്ള ആലോചനകളും ഗവണ്മെന്റ് സ്വീകരിക്കുന്നുണ്ട്. തീർച്ചയായും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഇത് കുറച്ചുകൂടി മെച്ചപ്പെടുത്തി, ഉപഭോക്താക്കളുടെ ചൂഷണം അവസാനിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ബാബു : ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി വാട്ടർ മീറ്ററുകൾ പരിശോധിക്കാൻ സംസ്ഥാന ഗവണ്മെന്റ് തീരുമാനിച്ചിട്ടുണ്ടോ? മറ്റ് സംസ്ഥാനങ്ങളിൽ വാട്ടർ മീറ്ററുകൾ ലീഗൽ മെട്രോളജി ഡിപ്പാർട്ടുമെന്റോ മറ്റ് ഡിപ്പാർട്ടുമെന്റോ പരിശോധിക്കുന്നില്ല. അതുകൊണ്ട് കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന വാട്ടർ മീറ്ററുകൾ വിൽപ്പന നടത്താൻ പ്രയാസമായിരിക്കുന്നു. ഇത് അങ്ങയുടെ ശ്രദ്ധയിൽവന്നിട്ടുള്ള കാര്യമാണ്. കൊച്ചിയിലെ ആനന്ദ് മീറ്റർ കമ്പനി ഇപ്പോൾ ഐ.എസ്.ഐ., വാട്ടർ അതോറിറ്റി, ലീഗൽ മെട്രോളജി എന്നീ മൂന്ന് തലത്തിലുള്ള പരിശോധനയ്ക്ക് വിധേയമാണ്. അതുകൊണ്ട് വാട്ടർ മീറ്ററുകൾ വിൽക്കാൻ സാധ്യമല്ലാത്ത നിലയിൽ വന്നിരിക്കുകയാണ്. ഇത് ആ കമ്പനിയുടെ നിലനിൽപ്പിനെത്തന്നെ ബാധിച്ചിരിക്കുന്നുവെന്നുള്ളതാണ് ഇന്നത്തെ സ്ഥിതി. ഈ കാര്യത്തിൽ ഗവണ്മെന്റ് എന്ത് ചെയ്യാൻ പോകുന്നുവെന്ന് വ്യക്തമാക്കുമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : ഞാൻ നേരത്തേ പറഞ്ഞിരുന്നു, തൊഴിലാളി സംഘടനകളടക്കം ആവശ്യപ്പെട്ട ആനന്ദ് വാട്ടർ മീറ്ററുകളുടെ പ്രശ്നം ഗൗരവതരമാണ്. കമ്പനി തന്നെ അടച്ചുപൂട്ടാൻ ഇടയുണ്ട്. അതുകൊണ്ട് ഇത് പുന:പരിശോധിക്കണമെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ തൽക്കാലം അതിന്റെ നടപടികൾ നിറുത്തിവച്ചുകൊണ്ട് പരിശോധനയ്ക്ക് വിധേയമാക്കി. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, കേന്ദ്ര ഗവണ്മെന്റ് തീരുമാനിച്ചതനുസരിച്ച്, ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ഏകീകരിച്ച ഒരു നിരക്കാണ് ഇതിൽ ഈടാക്കേണ്ടതെന്നതിനാൽ അതുമാത്രമേ നമുക്ക് സ്വീകാര്യമാകൂ. അപ്പോൾ മറ്റ് ഡിപ്പാർട്ട്മെന്റുകൾ ഇതുപോലെ ചെയ്യുന്നുണ്ടെങ്കിൽ എങ്ങനെ ഒഴിവാക്കിക്കൊടുക്കാൻ കഴിയുമെന്നുള്ളത് വേറെ പരിശോധിക്കേണ്ടതാണ്. എന്തായാലും ഇത് ഗവണ്മെന്റിന് ഒഴിവാക്കിക്കൊടുക്കാൻ കഴിയുകയില്ല. അതുകൊണ്ട് ഇത് അതുപോലെ കർശനമായി നടപ്പിലാക്കാൻതന്നെ തീരുമാനിച്ചിരിക്കുകയാണ്.

ശ്രീമതി ആർ. ലതാദേവി : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ജീവനക്കാരുടെ കുറവിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. എന്നാൽ ഇന്നുള്ള ജീവനക്കാർ ഉണ്ടാക്കുന്ന ശല്യത്തെക്കുറിച്ചാണ് എനിക്ക് ഓർമ്മപ്പെടുത്താനുള്ളത്. കൊല്ലം ജില്ലാ വികസനസമിതി അടുത്തകാലത്ത് യോഗം കൂടി ഈ വകുപ്പിന്റെ പ്രവർത്തനം ജില്ല മുഴുവൻ വ്യാപിപ്പിക്കാൻവേണ്ടിയുള്ള

നിർദ്ദേശം ഉദ്യോഗസ്ഥർക്ക് കൊടുക്കുകയുണ്ടായി. എന്നാൽ ദൗർഭാഗ്യകരമെന്നു പറയട്ടെ, രണ്ട് ദിവസം കഴിഞ്ഞപ്പോൾ എന്റെ മണ്ഡലത്തിലെ പ്രധാനപ്പെട്ട വ്യാപാരി-വ്യവസായി സംഘടനകളുടെ നേതാക്കൻമാരുടെ കടകൾ ഈ ഉദ്യോഗസ്ഥർ വന്ന് റെയിഡ് നടത്തുകയുണ്ടായി. ഞങ്ങൾ ഇവിടെ വരികയില്ലായിരുന്നു, എം.എൽ.എ.മാരും മറ്റുള്ളവരും നിർബ്ബന്ധിച്ചതുകൊണ്ടാണ് നിങ്ങളുടെ കട ഞങ്ങൾ റെയിഡ് ചെയ്യാൻ ഇടയായത് എന്നുള്ള തരത്തിൽ, ജനപ്രതിനിധികളെക്കൂടി ആക്ഷേപിക്കുന്ന തരത്തിൽ, വളരെ നിരുത്തരവാദപരമായിട്ടുള്ള പ്രവർത്തനം വകുപ്പുദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്നുണ്ടായി. ഇത്തരം സംഭവങ്ങൾ ചൂണ്ടിക്കാണിച്ചാൽ, ഇങ്ങനെ പെരുമാറുന്ന ഉദ്യോഗസ്ഥർക്കെതിരായി മാതൃകാപരമായി ശിക്ഷണ നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. കെ.ഇ. ഇസ്മയിൽ</u> : ഇത്തരം നടപടികൾ സ്വീകരിക്കുന്ന ഉദ്യോഗസ്ഥർ ആരാണെങ്കിലും ആക്ഷേപം കിട്ടിയാൽ വളരെ കർശനമായിട്ടുള്ള നിലപാട് സ്വീകരിക്കും. അതിൽ സംശയമൊന്നും വേണ്ട. ഇത്തരത്തിൽ ആക്ഷേപങ്ങൾ കിട്ടിയതിന്റെ അടിസ്ഥാനത്തിൽത്തന്നെ അന്വേഷണവിധേയമായി ആവശ്യമായ നടപടി എടുക്കുന്നുണ്ട്; തുടർന്നും നടപടി എടുക്കും. കുറച്ചുകാലമായി തുടർന്നുവരുന്ന ഒരു ശീലവും ശൈലിയും ആണത്. നിശബ്ദമായി ജനങ്ങളെ ദ്രോഹിക്കാൻ കഴിയുന്ന ഒരു വകുപ്പാണിത്. ജനങ്ങൾക്ക് നേരിട്ട് ബോദ്ധ്യമാകുകയില്ല. അത് കുറേ കൊല്ലങ്ങളായി ശീലിച്ചുവന്നതുകൊണ്ട് ആ ചാനലിൽനിന്ന് അവരെ മാറ്റി എടുക്കാൻ ഗവണ്മെന്റ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അത് പൂർണ്ണമായി മാറിയിട്ടില്ല. അക്കാര്യംതന്നെയാണ് ഞാൻ നേരത്തേ പറഞ്ഞത്; മാറ്റാൻ ശ്രമിക്കുകയാണ്. എല്ലാവരുടേയും സഹകരണമുണ്ടെങ്കിലേ നമുക്ക് ഇത് മാറ്റാൻ കഴിയുകയുള്ളൂ. ഏതായാലും അത് മാറ്റുമെന്ന കാര്യത്തിൽ സംശയമൊന്നും വേണ്ട.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : സർ, ഞാൻ ചോദിക്കാൻ ഉദ്ദേശിച്ചത് ബഹുമാനപ്പെട്ട കെ. ബാബു ഇവിടെ ഉന്നയിച്ചു, ആനന്ദ് വാട്ടർ മീറ്റർ കമ്പനി പള്ളുരുത്തിയിലുള്ള ഏക വ്യവസായ സ്ഥാപനമാണ്. ഇപ്പോൾ അത് അടച്ചുപൂട്ടാതിരിക്കാനുള്ള നടപടിയുടെ ഭാഗമായി ലീഗൽ മെട്രോളജി വിഭാഗത്തിന്റെ പരിശോധനയിൽനിന്ന് വാട്ടർ മീറ്ററിനെ ഒഴിവാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

<u>ശ്രീ. കെ.ഇ. ഇസ്മയിൽ</u> : അങ്ങനെ ഒരു സ്ഥാപനത്തെ ഒഴിവാക്കാൻ നമുക്ക് കഴിയുകയില്ല. ഒഴിവാക്കണമെന്ന ജനപ്രതിനിധികളുടേയും തൊഴിലാളിസംഘടനകളുടേയും ആവശ്യം പരിഗണിച്ചുകൊണ്ടാണ് ഗൗരവമായി അവരുമായി ആ പ്രശ്നം ചർച്ചചെയ്ത്, വീണ്ടും അതിൽ എന്ത് ചെയ്യാൻ കഴിയുമെന്ന് ഞങ്ങൾ ആലോചിച്ച് അത് ഒഴിവാക്കാൻ കഴിയുകയില്ല എന്ന് ബോദ്ധ്യമായതിനെത്തുടർന്നാണ് ഈ നടപടി മുന്നോട്ട് കൊണ്ടുപോകാൻ തീരുമാനിച്ചത്.

3 (*310) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആഡിറ്റ്

<u>ശ്രീ. എം. ദാസൻ</u> :
<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u> :

LIBRARY ARCHIVES Kerala Legislative Assembly